**C 22185** (Pages : 3) Name.......................................

Reg. No...................................

**SECOND SEMESTER (CBCSS—UG) DEGREE EXAMINATION, APRIL 2022**

Malayalam

MAL 2B 02—KADHA SAHITHYAM

(2021 Admissions)

Time : Two Hours and a Half Maximum : 80 Marks

**Part A**

*Answer atleast* **ten** *questions.*
*Each question carries 3 marks.*
*All questions canbe attended.*
*Overall Ceiling* 30.

1. 'കുറച്ചൊന്നു കണ്ണുചിമ്മിയപ്പോൾ ആരോ ഒരാൾ എന്റെ അടുക്കൽക്കൂടി പതുക്കെ നടക്കുന്ന ഒച്ച കേട്ടു എന്നുതോന്നി സന്ദർഭം എഴുതുക.

2. 'മാറ്റി വരയ്ക്കാൻ പറ്റാത്തത് ജീവിതം മാത്രമാണ്. ഇതെല്ലുപ്പം! ആരുടെ ചിന്ത? സന്ദർഭം ഏത്?'

3. തങ്കമണി ഒരുപാടു കാലായിട്ട് അടക്കിപ്പിടിച്ചിരുന്ന ഒരു നിലവിളി പെട്ടെന്നു മുളചീന്തും പോലെ പിളർന്നുവീണു. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

4. 'അയാൾ കണ്ണുനിറയെ അമ്പരപ്പുമായി പെട്ടിയും തൂക്കിപ്പിടിച്ചുകൊണ്ട് ഒരു മൂലയിൽ മാറി നിന്നു' ആര്? എപ്പോൾ?

5. 'ആ വൻകാറ്റിന്റെ ചൂളത്തിൽ വികലമായി അസംസ്കൃതസംഗീതം കൊച്ചു കുടിലിന്റെ പരിസരത്തിൽ പരന്നു'. കഥാകാരൻ വിവരിക്കുന്നതെന്ത്?

6. 'ഒരു ആത്മഹത്യയുടെയും കൊലപാതകത്തിന്റെയും പൊരുളിനെക്കുറിച്ചുള്ള അജ്ഞതയാണ് നിന്റെ ഉണർച്ചകളെ നായാടിത്തളർത്തുന്നത്' സന്ദർഭം, സൂചിതം എന്നിവ എഴുതുക.

7. എന്റെ ഹൃദയത്തതിന്റെ മൂടുപടത്തിനുള്ളിലൂടെ അയാൾക്ക് ഒന്നും കാണാൻ കഴിയില്ല. ആരുടെ വിചാരം? വിവക്ഷിതമെന്ത്?

8. 'ഇവരിൽ പലർക്കും ഉപജാതികളുണ്ട്. മതമുള്ളതായി അറിവില്ല' തേൻ എന്ന കഥയിലെ ഈ പരാമർശത്തിൽ അടങ്ങിയിരിക്കുന്ന വിമർശനമെന്ത്?

9. 'ആ ഗന്ധം അഞ്ചുകൊല്ലം മുമ്പുനടന്ന ഒരു സംഭവത്തിലേക്ക് അവളെ വലിച്ചിഴച്ചുകൊണ്ടുപോയി' ഏതുസംഭവം?

**Turn over**

202410



10. ‘അമ്മ ഈ മണംകൊണ്ട് എന്നെ ചികിൽസിച്ച കാലത്തിന്റെ നീളം എനിക്ക് മറന്നുപോയി’ ആരുടെ വാക്കുകൾ? സന്ദർഭം ഏത്?
11. ‘എന്നോട് ഇഷ്ടമില്ലാത്തതായി വേറേ രണ്ടു കൂട്ടരുണ്ട്’ ബഷീർ വിവക്ഷിക്കുന്നത് ആരെയെല്ലാം? ഇഷ്ടക്കേടിന് കാരണമെന്ത്?
12. ‘കാശിനു കൊള്ളാത്ത ആ മനുഷ്യന് ഒന്നിനും ധൈര്യമില്ലായിരുന്നു’ ആരെക്കുറിച്ചാണ് പറയുന്നത്? കാരണമെന്ത്?
13. ‘തിണ്ണയുടെ മുമ്പിലെത്തിയപ്പോൾ അയാൾ പൊടുന്നനെ നിന്നുപോയി’ ആ രണ്ടുപേരും അവിടെ നിൽക്കുന്നുണ്ടായിരുന്നു സന്ദർഭം എഴുതുക.
14. ആദ്യകാല മലയാള ചെറുകഥയുടെ പ്രത്യേകതകൾ എഴുതുക.
15. യഥാതഥ ചെറുകഥയുടെ പൊതുസ്വഭാവം എന്തായിരുന്നു?

(10 × 3 = 30 marks)

## Part B

*Answer atleast* **five** *questions.*
*Each question carries 6 marks.*
*All questions canbe attended Overall Ceiling 30.*

16. തിരുവില്വാമലയിലെ നാലുകെട്ടുവാങ്ങാൻ കുമാരൻ തീരുമാനിക്കാൻ കാരണമെന്ത്?
17. മാത്യു ജനമദിനാശംസ നേർന്നതിൽ കഥാകാരൻ വിഷമിക്കാൻ കാരണമെന്ത്?
18. ചോലമരങ്ങളിലെ ലില്ലിക്കുട്ടിയിൽ കാണുന്ന സ്വഭാവവിശേഷങ്ങൾ വിവരിക്കുക.
19. പത്മനാഭന്റെ കഥനവൈഭവം മഖൻസിങ്ങിന്റെ മരണത്തിൽ എപ്രകാരമെല്ലാം പ്രകടമാകുന്നു?
20. പ്രേതഭാഷണത്തിലെ ദളിത് ആഖ്യാനസ്വഭാവം വിവരിക്കുക.
21. ആധുനിക ചെറുകഥയുടെ എന്തെല്ലാം സവിശേഷതകളാണ് പ്രഭാതം മുതൽ പ്രഭാതം വരെ എന്ന കഥയിൽ പ്രകടമാകുന്നത്?
22. രാധയുടെ കത്ത് എന്ന കഥയിലെ ഇതിവൃത്തം ചുരുക്കി എഴുതുക.
23. ‘അയാളുടെ സ്നേഹം അങ്ങനെയായിരുന്നു’ തരിശുനിലത്തിലെ പഴയ കാമുകനെപ്പറ്റി കാമുകി ഇങ്ങനെ പറയാൻ കാരണമെന്ത്?

(5 × 6 = 30 marks)

202410

## Part C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. ആധുനിക ജീവിതാവസ്ഥയുമായി ബന്ധപ്പെടുന്ന എന്തെല്ലാം സൂചനകളാണ് ദ്വാരക എന്ന കഥയിലുള്ളത്? വിവരിക്കുക.
25. എം.ടി.യുടെ കഥനരീതിയുടെ പൊതുസ്വഭാവങ്ങളെല്ലാം പ്രകടമാകുന്ന കഥയാണ് പെരുമഴയുടെ പിറ്റേന്ന് - വിലയിരുത്തുക.
26. സ്നേഹത്തിന്റെ ശ്രാദ്ധം എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
27. 'ഇറച്ചി' എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

(2 × 10 = 20 marks)



12285
12285
12285